10/01/22

DESPATCHED
On..27/01/22..

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 253*(7)/2015*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **1680**/*എസ്.ഐ.സി-ജി 6/2015*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. മാവിളി രാമദാസൻ,
ദ്വാരക, മച്ചനിലത്ത് ഹൗസ്,
പി.ഒ.കുരുവട്ടൂർ, വഴി കക്കോടി,
കോഴിക്കോട്. — അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
വില്ലേജ് ഓഫീസർ,
മടവൂർ.

2. അപ്പീൽ അധികാരി&
അഡീഷണൽ തഹസിൽദാർ,
താലൂക്ക് ഓഫീസ്, കോഴിക്കോട്.

— എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 30.07.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 29.08.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 20.09.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 13.11.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 25.01.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 02.02.2015 |
| ഹിയറിംഗ് നടന്ന തീയതി | 28.12.2021, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. മാവിളി രാമദാസൻ, 25.01.2015ന് സമർപ്പിച്ച അപ്പീൽ ഹർജി 02.02.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.253(7)/15/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

3. അപ്പീൽ ഹർജിക്കാരൻ 30.07.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, മടവൂർ വില്ലേജിൽ – എരവനൂർ അംശം പുല്ലാളൂർ ദേശത്ത് സർവ്വെ 16ൽ, റിസ 45/5, പട്ട.നമ്പർ 93/5ൽപ്പെട്ട കൊല്ലരക്കൽ പറമ്പിൽ സർക്കാരിലേക്ക് 2000 മുതൽ 2014വരെ വർഷത്തിൽ പ്രസ്തുത കൊല്ലരക്കൽ പറമ്പിൽ മടവൂർ വില്ലേജിൽ ഭൂനികുതി അടക്കുന്ന കൈവശക്കാരുടെ പേരും വിവരവും അവരുടെ കൈവശത്തിലുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണവും അറിയിക്കണമെന്നാണ്. ആയതിന് 29.08.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ടി ഓഫീസിൽ ഒരു ദിവസം ശരാശരി 100 ഓളം പേർ നികുതി അടച്ചുവരുന്നുണ്ടെന്നും ഇതു പ്രകാരം ഒരു മാസത്തിൽ ശരാശരി 2700 ഓളം രസീതുകളും അതിന്റെ കണക്കുകളും സൂക്ഷിക്കുന്നുണ്ടെന്നും ടി കണക്കുകൾ പ്രകാരം 14 വർഷത്തേക്കുള്ള രേഖകൾ പരിശോധിച്ച് ടിയാൻ ആവശ്യപ്പെട്ട രേഖകൾ തയ്യാറാക്കുവാൻ ആവശ്യമായ ജീവനക്കാർ ടി ഓഫീസിലില്ലാത്തതിനാലും ടി ഉദ്യമം ഓഫീസിന്റെ ദൈനംദിന പ്രവൃത്തനങ്ങളെ ബാധിക്കുമെന്നതിനാലും ആയത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടാകുമെന്നതിനാലും ഓഫീസ് സമയത്ത് ഹാജരായി രേഖകൾ പരിശോധിക്കാമെന്നുമാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി അറിയിച്ച് സമർപ്പിച്ച ഒന്നാം അപ്പീലിന് 13.11.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഓഫീസിലെ ജീവനക്കാരുടെ കുറവും ജോലിഭാരവുമാണ് ടി വിവരങ്ങൾ ഓഫീസ് സമയത്ത് നേരിട്ട് ഹാജരായി നിയമാനുസൃതം പരിശോധിച്ച് ശേഖരിയ്ക്കാൻ നിർദ്ദേശം നൽകിയതെന്നും മറ്റു ആക്ഷേപങ്ങളൊന്നും ശരിയല്ലെന്നും എസ്.പി.ഐ.ഒ. വിശദീകരിച്ചിട്ടുണ്ടെന്നും വർഷങ്ങളായുള്ള

വിവരങ്ങൾ ക്രോഡീകരിച്ച് നൽകാൻ വിവരാവകാശ നിയമപ്രകാരം വ്യവസ്ഥ യില്ലെന്നും ജീവനക്കാരുടെ കുറവും ജോലിഭാരവുമുള്ള ഓഫീസുകളിൽ പരി ശോധിച്ച് കണ്ടു പിടിയ്ക്കുന്നതിനായി ഏറെ സമയം ചെലവഴിക്കുന്നത് ഓഫീ സിലെ മറ്റ് ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുകയും മറ്റു പൊതുജന ങ്ങൾക്ക് അത് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുമെന്നും വിവരം വെളിപ്പെടുത്തു ന്നത് തടഞ്ഞിട്ടില്ലാത്ത ഏത് വിവരങ്ങളും ബന്ധപ്പെട്ട രജിസ്റ്ററുകൾ നേരിട്ട് പരി ശോധിച്ച് ആവശ്യമായ വിവരങ്ങൾ ശേഖരിയ്ക്കാൻ പൊതു ജനങ്ങളെ നിയമം അനുശാസിക്കുന്നുണ്ടെന്നും ടി സാഹചര്യത്തിൽ എസ്.പി.ഐ.ഒ. യുടെ മറുപടിയിൽ അപാകതകളുള്ളതായി കാണുന്നില്ലെന്നുമാണ്. ആയതി നാൽ ഹർജിക്കാരന് ഓഫീസിൽ ഹാജരായി ആവശ്യമായ വിവരങ്ങൾ പരിശോധിച്ച് ശേഖരിയ്ക്കാവുന്നതാണെന്നും ആയതിന് ആദ്യത്തെ ഒരു മണി ക്കൂർ സൗജന്യവും തുടർന്ന് വരുന്ന ഓരോ അര മണിക്കൂറിനും അതിന്റെ അംശത്തിനും 10 രൂപ തോതിൽ ഫീസൊടുക്കേണ്ടതുണ്ടെന്നും കൂടാതെ ശേഖ രിച്ച ഓരോ പേജിനും രണ്ടു രൂപ നിരക്കിലും ഫീസ് ഒടുക്കേണ്ടതുണ്ടെന്നും ഫീസ് ഓഫീസിൽ നേരിട്ടോ ട്രഷറിയിലോ ഒടുക്കി അസ്സൽ ചെലാൻ ഹാജ രാക്കി പകർപ്പുകൾ കൈപ്പറ്റാവുന്നതാണെന്നും ഇത്തരവായെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ടിയാൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഒന്നും രണ്ടും എതിർകക്ഷികൾ ടിയാന് വിവരം നിഷേധിക്കുകയാണ് ചെയ്ത തെന്നാണ് ഹർജിക്കാരന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധരേഖകളും 28.12.2021ലെ റിപ്പോർട്ടും പരിശോധിച്ചതിൽ ഹർജിക്കാ രന് വ്യക്തമായ മറുപടി നൽകിയതിനാൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ജനുവരി 10-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★